സഹായത്തോടെ പരിശീലന കേന്ദ്രത്തിലെ അധ്യാപകർക്ക് പരിശീലനം നൽകുന്നതാണ്. മുസൂറിയിലുള്ള കേന്ദ്ര സിവിൽ സർവ്വീസ് ട്രെയിനിംഗ് അക്കാഡമിയുടെ സൗകര്യങ്ങൾ കൂടി പ്രയോജനപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. പരിശീലന കേന്ദ്രത്തിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളോടുകൂടിയ ലൈബ്രറി ഇന്റർനെറ്റ് സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഉദ്ദേശമുണ്ട്.

ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതിയെക്കുറിച്ച് അന്വേഷണം

133 [3659] *ശ്രീ. ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994 മുതൽ 2005 വരെ കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അഴിമതി സംബന്ധിച്ച എത്ര പരാതികൾ ലഭിക്കുകയുണ്ടായി;

(ബി) ഏതെല്ലാം പരാതികളിലാണ് അന്വേഷണ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആരെല്ലാം കുറ്റക്കാരെന്ന് തെളിഞ്ഞിട്ടുണ്ട്;

(സി) കുറ്റക്കാർക്കെതിരെ എന്ത് ശിക്ഷണ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) ആരെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്;

(ഇ) അന്വേഷണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)___(ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly